പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4265 24.10.2016 - ൽ മറുപടിയ്ക്ക്

## പേവിഷബാധ പ്രതിരോധ മരുന്ന്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ബഷീർ: | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര പേരാണ് പേവിഷബാധയേറ്റ് ചികിത്സ തേടുന്നതെന്ന് കണ്ടെത്തിയിട്ടുള്ളത് ; ഇതിൽ എത്ര പേർ സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്ത് ഒരു വർഷം ശരാശരി 182296 പേർ ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആശുപത്രികളിലും, 11,000 പേർ ആരോഗ്യവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലും പേവിഷബാധയേറ്റ് ചികിത്സ തേടി എത്താറുണ്ട്. |
| (ബി) തെരുവ് നായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ഇത്രയും പേർക്ക് ചികിത്സ നൽകുന്നതിനുള്ള മരുന്നുകൾ സംസ്ഥാനത്ത് ഇപ്പോൾ ലഭ്യമാണോ; സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മരുന്നിന് ദൗർലഭ്യം നേരിടുന്നുണ്ടോ ; | (ബി) തെരുവ് നായ ശല്യം രൂക്ഷമായ സാഹചര്യത്തിൽ ഇതിനുവേണ്ട Anti Rabies Vaccine, Equine Anti Rabies Immunobulin (Serum) എന്നീ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്.<br>മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മരുന്നുകളുടെ ദൗർലഭ്യം നേരിടുന്നില്ല. |
| (സി) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ മരുന്നുകൾ വാങ്ങി സർക്കാർ ആശുപത്രികൾക്ക് ആവശ്യാനുസരണം നൽകുന്നുണ്ടോ; കോർപ്പറേഷനിൽ ഇപ്പോൾ മരുന്ന് ആവശ്യത്തിന് ലഭ്യമാണോ; | (സി) ഉണ്ട്. കോർപ്പറേഷനിൽ ഇപ്പോൾ ആവശ്യത്തിന് പേവിഷബാധ പ്രതിരോധ ചികിത്സയ്ക്കുള്ള മരുന്നുകൾ ലഭ്യമാണ്. |

(ഡി) സർക്കാർ ആശുപത്രികളുടെ ആവശ്യത്തിനായി മാത്രം പ്രതിവർഷം എത്ര തുകയുടെ മരുന്നുകൾ വാങ്ങുന്നുണ്ടെന്നും ഏതെല്ലാം കമ്പനികളിൽ നിന്നുമാണ് വാങ്ങുന്നതെന്നും അറിയിക്കുമോ?

(ഡി) 2016-17 വർഷത്തിൽ 1.75 കോടി രൂപയുടെ ഇക്വൻ ആന്റിറാബീസ് ഇമ്മ്യൂണോഗ്ലോബുലിൻ Inj.300 IU/Ml, 5Ml Vial M/s വിൻസ് ബയോപ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നും, 3.26 കോടി രൂപയുടെ റാബീസ് വാക്സിൻ (For Intra Dermal route of Administration) 2.5 IU, 1ml M/s ഭാരത് ബയോടെക്ക് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്, M/s ഇന്ത്യൻ ഇമ്മ്യൂണോളൊജിക്കൽസ് ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നും വാങ്ങിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ